# Malayala Manorama

# 28 August 2018

# Kochi, After Flood, Women Police Officers were Caught



# ക്യാമറക്കണ്ണുകൾ സാക്ഷിയായി; വനിതാ പൊലീസുകാർ പെട്ടു

**ദുരിതാശ്വാസത്തിന് ലഭിച്ച വസ്ത്രങ്ങൾ കടത്താൻ ശ്രമം**

കൊച്ചി • പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കു വിതരണം ചെയ്യാൻ വിദേശത്തുനിന്നെത്തിയ വസ്ത്രങ്ങൾ വനിതാ പൊലീസുകാർ വീട്ടിലേക്കു കടത്താൻ ശ്രമിച്ച സംഭവം ഒതുക്കിത്തീർക്കാൻ ശ്രമം. നഗരത്തിലെ സ്റ്റേഷനുകളിലൊന്നിലാണു സംഭവം. ദുരിതബാധിതർക്കു വിതരണം ചെയ്യാൻ വിദേശത്തുനിന്നു കണ്ടെയ്നറിലെത്തിയ വസ്ത്രത്തിൽനിന്നാണ് ഇവർ ചിലതു വീട്ടിലേക്ക് കൊണ്ടുപോയത്.

സ്റ്റേഷനിലെ എട്ടു വനിതാ പൊലീസുകാർക്കായിരുന്നു കണ്ടെയ്നറിലെത്തിയ വസ്ത്രങ്ങളുടെ തരംതിരിക്കൽ ചുമതല. ഇതു നടത്തുന്നതിനിടയിലാണ് ഇവർ ചില വസ്ത്രങ്ങൾ കവർന്നത്. സ്റ്റേഷനിൽ സ്ഥാപിച്ച സിസിടിവി ദൃശ്യങ്ങളിൽ നിന്നാണ് ഇതുസംബന്ധിച്ച തെളിവുകൾ ലഭിച്ചത്. എന്നാൽ സംഭവം പുറത്തായതോടെ വീട്ടിലേക്കു കൊണ്ടുപോയതെല്ലാം തിരിച്ചെത്തിച്ചു സംഭവം ഒതുക്കാനാണ് ഒരു വിഭാഗം ഉന്നതോദ്യോഗസ്ഥർ ശ്രമിക്കുന്നത്. ഇതുസംബന്ധിച്ച് ഇതുവരെ കേസോ മറ്റു നടപടികളോ സ്വീകരിച്ചിട്ടില്ല. ദുരിതാശ്വാസ ക്യാംപിൽനിന്നു സാധനങ്ങൾ കടത്താൻ ശ്രമിച്ച മൂന്ന് റവന്യു വകുപ്പു ജീവനക്കാരാണു വയനാട്ടിൽ റിമാൻഡിൽ കഴിയുന്നത്.